ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 21.07.2025**

## പ്രധാനവാർത്തകൾ

1) മുൻ മുഖ്യമന്ത്രിയും മുതിർന്ന കമ്യൂണിസ്റ്റ് നേതാവുമായ വി.എസ് അച്യുതാനന്ദൻ അന്തരിച്ചു. വിടപറഞ്ഞത് കേരളത്തിൻറെ പ്രിയങ്കരനായ ജന നായകൻ.

2) കേരളത്തിൻറെ പുരോഗതിക്കായി ജീവിതം സമർപ്പിച്ച നേതാവായിരുന്നു വി എസ് അച്യുതാനന്ദനെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. അസാമാന്യമായ നിശ്ചയദാർഢ്യത്തിന്റെയും വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളുടെയും പ്രതീകമായിരുന്നു വി എസ് എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3) വിഎസിനോടുള്ള ആദരസൂചകമായി സംസ്ഥാനത്ത് നാളെ പൊതു അവധി. മൂന്ന് ദിവസത്തെ ദുഖാചരണവും പ്രഖ്യാപിച്ചു. പൊതുദർശനം തിരുവനന്തപുരത്ത് അൽപസമയത്തിനകം.

4) വർഷകാല സമ്മേളനത്തിൻറെ ആദ്യദിനം നടപടികൾ പൂർത്തിയാക്കി പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്കു പിരിഞ്ഞു

RNU TVPM

5) ഓണക്കാലത്ത് അരിയും വെളിച്ചെണ്ണയും പരമാവധി വിലക്കുറവിൽ സുലഭമായി ലഭ്യമാക്കുന്നതിന് സപ്ലൈകോ ക്രമീകരണം ഏർപ്പെടുത്തുമെന്ന് മന്ത്രി ജി.ആർ അനിൽ.

6) സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത

***********************

## വി. എസ് 1

മുൻ മുഖ്യമന്ത്രിയും മുതിർന്ന കമ്യൂണിസ്റ്റ് നേതാവുമായ വി.എസ് അച്യുതാനന്ദൻ അന്തരിച്ചു. 102 വയസ്സായിരുന്നു. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്ന് ഉച്ച തിരിഞ്ഞ് 3.30 നാണ് അന്ത്യം. ദേഹാസ്വാസ്ഥ്യത്തെത്തുടർന്ന് കഴിഞ്ഞമാസം 23നാണ് വി എസിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. കേരളം കണ്ട ജനകീയ മുഖ്യമന്ത്രിമാരിൽ ഒരാളായ വി.എസ് അച്യുതാനന്ദൻ വിട പറയുമ്പോൾ രാഷ്ട്രീയ പോരാട്ടങ്ങളുടെ വിപ്ലവകരമായ ഏടിനാണ് അവസാനമാകുന്നത് . 2006 മുതൽ 2011 വരെ സംസ്ഥാന മുഖ്യമന്ത്രിയായിരുന്ന അദ്ദേഹം 1992 ലും, 2001ലും, 2011 ലുമായി മൂന്ന് തവണ പ്രതിപക്ഷ നേതാവായിരുന്നു. ജനകീയ പോരാട്ടങ്ങളിലൂടെയും, ധീരമായ പ്രതികരണ ശൈലിയിലൂടെയും, ജനമനസ്സുകളിൽ ആഴത്തിൽ പതിക്കുന്ന പ്രസംഗങ്ങളിലൂടെയുമാണ് വി.എസ് ജനഹൃദയങ്ങളെ കീഴടക്കിയത്.

(ഹോൾഡ്)

അഴിമതി, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, ഭൂമികയ്യേറ്റം, തൊഴിലാളികളുടെയും കർഷകരുടെയും പ്രശ്നങ്ങൾ തുടങ്ങിയ ജനങ്ങളെ ബാധിക്കുന്ന എല്ലാ വിഷയങ്ങളിലും ധീരമായ നിലപാടുകൾ സ്വീകരിച്ചിരുന്ന നേതാവായിരുന്നു വി.എസ്

RNU TVPM

അച്യുതാനന്ദൻ. മതികെട്ടാൻ ഭൂമി കയ്യേറ്റം, പ്ലാച്ചിമട കുടിവെള്ള ചൂഷണം തുടങ്ങിയ വിഷയങ്ങളിൽ  വി.എസ് മുന്നിട്ടിറങ്ങിയപ്പോൾ കേരളജനതയൊന്നാകെ അദ്ദേഹത്തിനൊപ്പം നിന്നു. ജനക്ഷേമപരമായ നിരവധി പദ്ധതികളാണ് മുഖ്യമന്ത്രിയായിരുന്ന കാലയളവിൽ അദ്ദേഹം നടപ്പാക്കിയത്. അമ്പലപ്പുഴ, മാരാരിക്കുളം മണ്ഡലങ്ങളിൽ നിന്നായി ഏഴ്  തവണ എംഎൽഎ ആയ വിഎസ്, സിപിഐ(എമ്മിൻറെ) ഏറ്റവും മുതിർന്ന നേതാക്കളിൽ ഒരാൾ കൂടിയാണ്.

<u>ഒരു റിപ്പോർട്ട്</u>

*ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ 1923 ഒക്ടോബർ 20 നാണ് വി.എസ് അച്യുതാനന്ദൻറെ ജനനം. ദാരിദ്രവും ദുരിതങ്ങളും നിറഞ്ഞ ബാല്യകാല ജീവിതത്തിലൂടെ കടന്നുപോയ വിഎസിന് വളരെ  ചെറിയ പ്രായത്തിൽ തന്നെ തൊഴിൽ രംഗത്തേക്ക് കടന്നു. 1940 ൽ  17 ആം വയസ്സിലാണ് അദ്ദേഹം കമ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമാകുന്നത്. കുട്ടനാട്ടിലെ കർഷകത്തൊഴിലാളികൾക്കിടയിൽ പ്രവർത്തിച്ചിരുന്ന അദ്ദേഹത്തിന് പ്രചോദനം പകർന്നിരുന്നത് മുതിർന്ന കമ്യൂണിസ്റ്റ് നേതാവ് പി കൃഷ്ണ പിള്ളയായിരുന്നു. പുന്നപ്ര-വയലാർ സമരകാലത്തും, അടിയന്തരാവസ്ഥക്കാലത്തുമടക്കം ഭരണകൂടത്തിൻറെ കൊടിയ മർദ്ദനങ്ങൾ ഏറ്റുവാങ്ങിയാണ് വി.എസ് കേരളത്തിൻറെ വിപ്ലവ നായകനായി മാറുന്നത്. 1964 ൽ അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നും  ഇറങ്ങിവന്ന് സിപിഐഎം രൂപീകരിച്ച നേതാക്കളിൽ ഒരാൾ കൂടിയാണ് വി എസ് അച്യുതാനന്ദൻ.  1980 മുതൽ 91 വരെ മൂന്ന് തവണ അദ്ദേഹം പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയായി. സിപിഐഎമ്മിൻറെ തല മുതിർന്ന നേതാക്കളിൽ ഒരാളായ  വിഎസ് പോളിറ്റ് ബ്യൂറോയിലും കേന്ദ്ര കമ്മിറ്റിയിലുമടക്കം  ദീർഘകാലം പ്രവർത്തിച്ചു.  ദാരിദ്രത്തിൻറെയും സമരപോരാട്ടങ്ങളുടെയും കനലുകൾ ഏറെ താണ്ടിയാണ് അദ്ദേഹം ജന മനസ്സിൽ പകരം*

RNU TVPM

*വെക്കാനാകാത്ത വിധം ഇടം പിടിച്ചത്. സമരചരിത്രങ്ങളുടെയും, ജനകീയ പോരാട്ടങ്ങളുടെയും ദീർഘമായ അധ്യായം അവശേഷിപ്പിച്ച് 102 ആം വയസ്സിൽ വി.എസ് വിട പറയുമ്പോൾ കേരള ജനതയ്ക്കത് തീരാ നഷ്ടമാണ്.*

*ന്യൂസ് ഡസ്ക്, ആകാശവാണി*

************************

## *വി.എസ് -പൊതുദർശനം*

*വി എസ് അച്യുതാനന്ദൻറെ മൃതദേഹം അൽപ സമയത്തിനകം തിരുവനന്തപുരത്തെ എ കെ ജി പഠന ഗവേഷണ കേന്ദ്രത്തിൽ പൊതുദർശനത്തിന് എത്തിക്കും. രാത്രിയോടെ വസതിയിലേക്ക് കൊണ്ട് പോകും. നാളെ രാവിലെ 9 മണിക്ക് തിരുവനന്തപുരം ദർബാർ ഹാളിലെ പൊതു ദർശനത്തിനുശേഷം ഉച്ച തിരിഞ്ഞ് ദേശീയ പാത വഴി ആലപ്പുഴയിലെ വസതിയിലേക്ക് വിലാപയാത്രയായി കൊണ്ടു പോകും. നാളെ രാത്രിയോടെ ആലപ്പുഴയിലെ വസതിയിൽ എത്തിച്ച ശേഷം മറ്റന്നാൾ രാവിലെ സി പി ഐ എം ആലപ്പുഴ ജില്ലാ കമ്മിറ്റി ഓഫിസിൽ മൃതദേഹം പൊതു ദർശനത്തിന് വയ്ക്കും. മറ്റന്നാൾ വൈകുന്നേരം ആലപ്പുഴ വലിയ ചുടുകാട്ടിലാണ് സംസ്കാരം. വി.എസ് അച്യുതാനന്ദനോടുള്ള ആദരസൂചകമായി സംസ്ഥാനത്ത് നാളെ പൊതു അവധി പ്രഖ്യാപിച്ചു. നാളെ മുതൽ മൂന്ന് ദിവസം ഔദ്യോഗിക ദുഖാചരണവും പ്രഖ്യാപിച്ചിട്ടുണ്ട്.*

************************

## വി.എസ്- (പ്രതികരണം)

മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ വിയോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചനം രേഖപ്പെടുത്തി. ജീവിതത്തിൻറെ ഏറിയ പങ്കും പൊതുസേവനത്തിനും കേരളത്തിന്റെ പുരോഗതിക്കും വേണ്ടി സമർപ്പിച്ച നേതാവാണ് വി.എസ് എന്ന് പ്രധാനമന്ത്രി അനുസ്മരിച്ചു. ഉജ്വല സമരപാരമ്പര്യത്തിന്റെയും അസാമാന്യമായ നിശ്ചയദാർഢ്യത്തിന്റെയും വിട്ടുവീഴ്ചയില്ലാത്ത

RNU TVPM

പോരാട്ടനിലപാടുകളുടെയും പ്രതീകമായിരുന്നു വി എസ് അച്യുതാനന്ദനെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. എക്കാലവും ജനങ്ങൾക്കൊപ്പം നിന്ന് പ്രവർത്തിച്ചിരുന്ന അദ്ദേഹം സമാനതകളില്ലാത്ത സംഭാവനകളാണ് നാടിന് നൽകിയതെന്നും മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ കുറിച്ചു. പ്രതിപക്ഷ നേതാവായിരുന്നപ്പോഴും മുഖ്യമന്ത്രിയായിരുന്നപ്പോഴും കടിഞ്ഞാണുകളൊക്കെ പൊട്ടിച്ച് പ്രതിപക്ഷമായി തന്നെ നിലയുറപ്പിച്ച നേതാവായിരുന്നു വി.എസ് എന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ അനുസ്മരിച്ചു. സമരവും ജീവിതവും രണ്ടല്ലെന്നും ഒന്നാണെന്നും സ്വന്തം ജീവിതത്തിലൂടെ തെളിയിച്ച അതുല്യനായ കമ്യൂണിസ്റ്റായിരുന്നു വി എസ് അച്യുതാനന്ദനെന്ന് സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പറഞ്ഞു. തൊഴിലാളി വർഗ സമരങ്ങളെ മുന്നിൽ നിന്ന് നയിച്ച കരുത്തായിരുന്നു ആ മഹാ ജീവിതത്തിന്റെ മൂലധനമെന്നും അദ്ദേഹം അനുസ്മരിച്ചു. പാരിസ്ഥിതിക ജാഗ്രതയുള്ള ഭരണകർത്താവും ചൂഷിതരുടെ സമരമുന്നേറ്റങ്ങളിൽ എന്നും മുന്നിൽ നിന്ന് നയിച്ച ജനനേതാവുമായിരുന്നു വി. എസ്. എന്ന് നിയമസഭാ സ്പീക്കർ എ എൻ ഷംസീർ പറഞ്ഞു.

വിഎസിൻറെ വേർപാട് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും ഇടത് പക്ഷ ജനാധിപത്യ പ്രസ്ഥാനത്തിനും തീരാ നഷ്ടമാണെന്ന് ഇടതു മുന്നണി കൺവീനർ ടി.പി രാമകൃഷ്ണൻ പറഞ്ഞു. കേരളത്തിലെ ഭൂമാഫിയകൾക്കെതിരെ വി.എസ് സ്വീകരിച്ച നിലപാടുകൾ കേരള ജനത ഒരിക്കലും മറക്കില്ലെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ അനുസ്മരിച്ചു.

***********************

RNU TVPM

## പാർലമെന്റ്

വർഷകാല സമ്മേളനത്തിൻറെ ആദ്യദിനം നടപടികൾ പൂർത്തിയാക്കി പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്കു പിരിഞ്ഞു. ഇരുസഭകളിലും രാവിലെ നടപടികൾ ആരംഭിച്ചപ്പോൾ തന്നെ വിവിധ വിഷയങ്ങൾ ഉന്നയിച്ച് പ്രതിപക്ഷം പ്രതിഷേധവുമായി രംഗത്തെത്തി. തുടർന്ന് പല തവണ നിർത്തിവച്ച് ലോക്സഭ നാല് മണിയോടെ പിരിയുകയായിരുന്നു. രാജ്യസഭാ നടപടികൾ 12 മണി വരെ നിർത്തി വച്ചെങ്കിലും പിന്നീട് നടപടിക്രമങ്ങൾ തടസ്സം കൂടാതെ തുടർന്നു. ചരക്ക് കൈമാറ്റവുമായി ബന്ധപ്പെട്ട ലേഡിംഗ് ബിൽ രാജ്യസഭ ഇന്ന് പാസ്സാക്കി.

************************

RNU TVPM

## റാം മോഹൻ നായിഡു (ഇൻട്രോ)

അഹമ്മദാബാദ് വിമാനാപകടത്തിൽ എയർക്രാഫ്റ്റ് ആക്സിഡൻറ് ഇൻവസ്റ്റിഗേഷൻ ബ്യൂറോ സുതാര്യവും, പക്ഷപാതരഹിതവുമായ അന്വേഷണമാണ് നടത്തുന്നതെന്ന് കേന്ദ്ര വ്യോമയാന മന്ത്രി കെ. റാം മോഹൻ നായിഡു. അന്വേഷണത്തിന്റെ പ്രാരംഭ ഘട്ടം പൂർത്തിയായതായും പ്രാഥമിക റിപ്പോർട്ട് ലഭിച്ചതായും അദ്ദേഹം രാജ്യസഭയെ അറിയിച്ചു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

************************

## മന്ത്രി ജി.ആർ അനിൽ

ഓണക്കാലത്ത് അരിയും വെളിച്ചെണ്ണയും പരമാവധി വിലക്കുറവിൽ സുലഭമായി ലഭ്യമാക്കുന്നതിന് സപ്ലൈകോ ക്രമീകരണം ഏർപ്പെടുത്തുമെന്ന് മന്ത്രി ജി.ആർ അനിൽ . സപ്ലൈകോ വില്പനശാലകളിൽ സബ്സിഡി സാധനങ്ങൾ അടക്കം എല്ലാ ഭക്ഷ്യവസ്തുക്കളും ലഭ്യമാണെന്നും അദ്ദേഹം

പറഞ്ഞു. ഓണക്കാലത്ത് സാധനങ്ങളുടെ ലഭ്യതയും വിലക്കുറവും ഉറപ്പുവരുത്തുന്നതിനും അരിയുടെ വില കുറയ്ക്കുന്നതിനുമുള്ള കാര്യക്ഷമമായ ഇടപെടൽ നടത്തുന്നതായും മന്ത്രി വ്യക്തമാക്കി. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി അരി സംഭരിക്കുന്നത് സംബന്ധിച്ച് നേരിട്ട് ചർച്ച നടത്തിക്കഴിഞ്ഞു. ആന്ധ്ര, കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിലെ മന്ത്രിമാരുമായും നേരിട്ട് സംസാരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

************************

## മഴ

സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. തിരുവനന്തപുരം, കൊല്ലം ഒഴികെ എല്ലാ ജില്ലകളിലും നാളെയും മഞ്ഞ ജാഗ്രത തുടരും. കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 25 വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും കാലാവസ്ഥാ വിഭാഗം മുന്നറിയിപ്പ് നൽകി.

RNU TVPM

************************

## ശബരിമല

കർക്കടകമാസ പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്ര നട ഇന്നു രാത്രി 10 നു അടയ്ക്കും. നിറപുത്തരി പൂജയ്ക്കായി ഈമാസം 29നാണ് നട വീണ്ടും തുറക്കുക. 30നാണ് നിറപുത്തരി.

************************

## വാർഡ് വിഭജനം : കരട് വിജ്ഞാപനം

സംസ്ഥാനത്തെ 14 ജില്ലാപഞ്ചായത്തുകളിലെ വാർഡുകൾ പുനർവിഭജിച്ചുകൊണ്ടുള്ള കരട് വിജ്ഞാപനം പുറപ്പെടുവിച്ചു. ജൂലൈ 26 വരെ കരട് വിജ്ഞാപനം സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കാം. ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറിക്കോ, ജില്ലാ കളക്ടർക്കോ നേരിട്ടോ രജിസ്റ്റേർഡ് തപാലിലോ ആക്ഷേപങ്ങൾ നൽകാവുന്നതാണ്.

************************

************************

****************

RNU TVPM